# ബഹ്റൈൻ സെൻറ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിൽ വാദെദൽമീനൊ ശുശ്രൂഷ നടത്തി.

മനാമ: ഓർത്തഡൊക്സ് സഭയുടെ ആണ്ടു തക്സായുടെ ഗദ്യ പുസ്തകത്തിൽ കാണുന്ന വാദെദൽമീനൊ ശുശ്രൂഷ, ബഹ്റൈൻ സെൻറ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിൽ നടത്തി. ഇതിൻെറ വേദവായനഭാഗം ഏവൻഗേലിപുസ്തകത്തിലും, വായനപ്പടിയിലും ഇന്നും കാണുന്നുണ്ട്. കഷ്ടാനുഭവ ആഴ്ചയുടെ ആരംഭത്തിൽ (ഞായറാഴ്ച വൈകിട്ട്) തിങ്കളാഴ്ച രാത്രിനമസ്ക്കാരത്തിൽ നടത്തേണ്ട ഈ ശുശ്രൂഷ സൗകര്യാർത്ഥം സൂത്താറാ നമസ്ക്കാരത്തിനു ശേഷമാണ് നടത്തിയത്.

നോമ്പ് ആരംഭിക്കുന്നതിനു മുമ്പ് ശുബുക്കോനോ ശുശ്രൂഷ നടത്തുന്നതുപോലെ, കഷ്ടാനുഭവ ആഴ്ചയുടെ ആരംഭത്തിൽ നടത്തപ്പെടുന്ന ശുശ്രൂഷയാണ് വാദെദൽമീനൊ. തുറമുഖമാകുന്ന ലക്ഷ്യം എന്നാണ് വാദെദൽമീനോ എന്ന വാക്കിൻെറ അർത്ഥം. ലോകമാകുന്ന കടലിൽ, നോമ്പാകുന്ന കപ്പലിൽ യാത്ര ചെയ്യുന്നവർ, തുറമുഖമാകുന്ന മശീഹാ തമ്പുരാൻെറ ഉയിർപ്പ് പെരുനാളിലേക്ക് യാത്ര നടത്തുന്നു എന്ന സൂചനയിൽ കത്തിച്ച മെഴുകുതിരി പിടിച്ച് നടത്തപ്പെടുന്ന പ്രദക്ഷണമായിക്കുന്നു ഇതിലെ പ്രധാന ചടങ്ങ്.

ഈ വർഷം കാൽകഴുകൽ ശുശ്രൂഷ ഇല്ലാത്തതിനാൽ, മുമ്പ് നടത്തിയിട്ടില്ലാത്ത ഈ ശുശ്രൂഷ ആദ്യമായി ബഹ്റിൻ സെൻറ് മേരീസ് കത്തീഡ്രലിൽ നടത്തപ്പെട്ടത് ഒരു പുതിയ അനുഭവമായിരുന്നു.

പട്ടക്കാരും ശുശ്രൂഷകരും അംശവസ്ത്രം ധരിച്ചുകൊണ്ട് അവരവർ കൊണ്ടുവന്ന തിരികൾ കത്തിച്ചുപിടിച്ചിരുന്നു പ്രുമിയോൻ വായനക്കു ശേഷം ഏവൻഗേലി, സ്ലീബാ, ധൂപക്കുറ്റി, മറുവാസാ, ആദിയായവയോടു കൂടി പള്ളിയുടെ തെക്കേവാതിൽവഴി പ്രദക്ഷിണം ഇറങ്ങി. തദ്ദവസരത്തിൽ 118-ഉം, 136-ഉം സങ്കീർത്തനങ്ങൾ വിശ്വാസികൾ ചൊല്ലിക്കൊണ്ടിരുന്നു. പള്ളിയുടെ അടഞ്ഞുകിടന്ന പടിഞ്ഞാറേ വാതിൽക്കൽ വച്ച് പെത്ഗോമ്മോയും, ഏവൻഗേലിയോനും, വായിച്ചശേഷം പട്ടക്കാരും വിശ്വാസികളും, എക്ബോ ചൊല്ലിക്കൊണ്ട് വാതിൽ തുറന്ന്, അകത്തു പ്രവേശിച്ച് ബോത്തേകളും, വിശ്വാസപ്രമാണവും ചൊല്ലി ക്രമം അവസാനിപ്പിച്ചു.

ചടങ്ങുകൾക്ക് വികാരി റവ. ഫാ. സജിമാത്യു താന്നിമൂട്ടിൽ, റവ. ഫാ. ഷിബു തോമസ്, ട്രസ്റ്റി ജോൺ. സി, സെക്രട്ടറി എം എം മാത്യൂ എന്നിവർ നേതൃത്വം നല്കി.